(ബി) പരസ്യം ചെയ്യു" അപേക്ഷകരെ ക്ഷണിച്ചിട്ടാണോ ഈ നിയമനം നടത്തിയതു"; പരസ്യത്തിൽ ആവശ്യപ്പെട്ടിരുന്ന യോഗ്യതകളെ എന്തെല്ലാം ?

(സി) എത്ര അപേക്ഷകരുണ്ടായിരുന്നു ?

നിയമവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്") :

(എ) ഇല്ല.

(ബി, സി) ചോദ്യങ്ങളം ഉദിക്കുന്നില്ല.

കശുണ്ടി വ്യവസായത്തിലെ ടെയിഡിംഗ് കാർപ്പറേഷൻ.

* 1468. [29] ശ്രീ. ആർ. ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു" വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വ്യവസായത്തിൽ ടേഡിംഗ് കാർപ്പറേഷൻ സ്ഥാപിക്കുവാനുള്ള നടപടികളം പൂർത്തിയായോ ;

(ബി) നടപടികളം പൂർത്തിയായെങ്കിൽ കാർപ്പറേഷന്റെ പ്രവർത്തനം എന്നുമുതൽ തുടങ്ങും?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ, ബി) ഇതു സംബന്ധിച്ചു" സ്പെഷ്യലാഫീസർ സമർപ്പിച്ച റിപ്പോർട്ട് ഗവണ്മെന്റു പരിശോധിച്ചുകൊണ്ടിരിക്കയാണു".

ശ്രീ എൻ. രാജഗോപാലൻനായർ : ഈ സ്പെഷ്യലാഫീസറുടെ റിപ്പോർട്ട് നിയമസഭാംഗങ്ങൾക്കു നൽകാൻ സാധ്യതയുള്ളതാണോ ?

ശ്രീ. കെ. പി. ഗോപാലൻ : നിയമസഭാമെമ്പറന്മാർക്കു ഇപ്പോൾ നൽകണമെന്നു വിചാരിക്കുന്നില്ല. ആ റിപ്പോർട്ടിനെ വളരെ വിശദമായി ഗവണ്മെന്റു പരിശോധിച്ചുവരുന്നുണ്ടു". അതു പരിശോധിച്ചതിനുശേഷം തീരുമാനം എടുക്കുന്നതാണു".

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇനി എന്തെല്ലാം നടപടികളം പൂർത്തിയായിക്കഴിഞ്ഞാൽ കാർപ്പറേഷൻ രൂപീകരിക്കാൻ കഴിയും ?

ശ്രീ. കെ. പി. ഗോപാലൻ : സ്പെഷ്യലാഫീസറുടെ റിപ്പോർട്ടനുസരിച്ചു" ഇമ്പോർട്ടും എക്സ്പോർട്ടും കൺട്രോളം ചെയ്യേണ്ടിവരും. അങ്ങനെ കൺട്രോളം ചെയ്യുകയാണെങ്കിൽ അതിലേയ്ക്കു 9 കോടിയോളം രൂപാ മൂലധനമുള്ള ഒരു സ്ഥാപനം ഉണ്ടാക്കേണ്ടിവരും. ഇമ്പോർട്ടും എക്സ്പോർട്ടും കൺട്രോളം ചെയ്യുന്നതിനു" കേന്ദ്രഗവണ്മെന്റിന്റെ സമ്മതവും ആവശ്യമാണു". അതുപോലെതന്നെ വളരെ സ്പെക്കുലേറ്റീവു" ഫാർവേഡു" ബിസിനസു", വ്യവസായത്തെ എങ്ങനെ ബാധിക്കുമെന്നു ആലോചിക്കേണ്ടതുണ്ടു". അതിനാൽ ഗവണ്മെന്റു മുഴുവൻ മേനാപ്പൊളി എടുക്കാതെ ചെറിയ സഹായം ചെയ്യാനുള്ള പദ്ധതിയാണെടുക്കുന്നതെങ്കിലും ഒരു പാളിസി എന്ന നിലയിൽ അതിനെ കൈകാര്യം ചെയ്യേണ്ടതുണ്ടു". ഇതിന്റെ നാനാവശങ്ങളെപ്പറ്റിയും പരിശോധിച്ചുകൊണ്ടിരിക്കയാണു".

ശ്രീ. പി. ടി. ചാക്കോ : നാനാവശങ്ങളെപ്പറ്റി ആലോചിക്കാതെയാണോ ഒരു കാർപ്പറേഷൻ രൂപീകരിക്കണമെന്നു തീരുമാനിച്ചതും ബഡ്ജറ്റു" സമ്മേളനത്തിൽ അതു പ്രസ്താവിച്ചതും ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഗോപാലൻ : അതിന്റെ ഡീറ്റെയിൽസിനെപ്പറ്റി ആലോചിച്ചിട്ടില്ല. പൊതുവിൽ ഒരു കാർപ്പറേഷൻ വേണമെന്നു ആലോചിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഡീറ്റെയിൽസ് അനേഷിച്ച് റിപ്പോർട്ടു ചെയ്യുന്നതിനു ഒരു സ്പെഷ്യലാഫീസറെ നിയമിച്ചതു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ആ സ്പെഷ്യലാഫീസറുടെ റിപ്പോർട്ടു നിയമസഭാസാമാജികന്മാരെ കാണിക്കേണ്ട എന്നു തീരുമാനിച്ചതു് പൊതുജനതാൽപ്പര്യത്തെ മുൻനിറുത്തിയാണോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെ കാണിക്കേണ്ടെന്നു തീരുമാനമെടുത്തിട്ടില്ല. ആ റിപ്പോർട്ടു ഗവണ്മെന്റു പഠിച്ചശേഷം ആ കാര്യം ആലോചിക്കുമെന്നാണു് ഞാൻ മുമ്പു പറഞ്ഞതിൽ നിന്നും ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ടതു്.

തീപ്പെട്ടിക്കോൽ നിർമ്മാണം.

* 1469. [31] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) തീപ്പെട്ടിക്കോൽ നിർമ്മാണത്തിനു് ഉപയോഗിക്കുവാനുതകുന്ന എത്ര കുബിക്കടി മരം കൊല്ലംതോറും നമ്മുടെ സംസ്ഥാനത്തിൽനിന്നും ശിവകാശിയിലേയ്ക്കും കോയിൽപ്പെട്ടിക്കും മറ്റും കയറ്റി പോകുന്നുണ്ടു്;

(ബി) തീപ്പെട്ടിക്കോൽ നിർമ്മാണം സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ കുടിൽവ്യവസായമായി നടത്തിവരുന്നുണ്ടോ ;

(സി) ചെറുകിടവ്യവസായ പദ്ധതിയനുസരിച്ചു് തീപ്പെട്ടിക്കോൽ നിർമ്മാണം വിപുലമായ തോതിൽ കുടിൽ വ്യവസായമായി പ്രചരിപ്പിക്കുവാൻ ഗവണ്മെന്റിനു വല്ല പദ്ധതിയുമുണ്ടോ ;

(ഡി) സംസ്ഥാനത്തിലെ തൊഴിലില്ലായ്മയ്ക്കു് തെല്ലൊരു പരിഹാരം കാണുവാനായി ഇക്കാര്യത്തിൽ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.
(സി) ഇപ്പോൾ ഇല്ല.
(ഡി) ആലോചിക്കാം.

Water Transport.

* 1470. [32] Smt. Leela Damodara Menon : * Will the Minister for Transport be pleased to state :

(a) whether the Water Transport is running at a loss ;
(b) if so, what is the loss incurred so far ; and
(c) what are the reasons for the same ?

Minister for Labour and Transport (Sri T. V. Thomas) :

(a) Yes.
(b) Rs. 23,379 up to the end of 1957-58.
(c) The loss is due to steady expenditure under establishment charges, fuel and other contingencies.

* As the member was absent the question was put by Shri K. K. Viswanathan with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly